റിപ്പോർട്ട് -1.1

**18/08/2017 ൽ ചേർന്ന പ്രത്യേക ഭരണസമിതി യോഗത്തിൻറെ നടപടിക്രമം അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## നടപടി കുറിപ്പുകൾ, പ്രത്യേക ഭരണസമിതി യോഗം

തീയ്യതി : 18 ആഗസ്റ്റ് 2017, സമയം : 2.00 പി.എം.

വേദി: കോൺഫറൻസ് ഹാൾ, കേരളാ സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ, പേരൂർക്കട, തിരുവനന്തപുരം

### ഹാജരായ അംഗങ്ങൾ

1. ശ്രീ. അനിൽ. എക്സ് - ഐ.എ.എസ്., വി.സി. (ഇൻ-ചാർജ്ജ്) - അദ്ധ്യക്ഷൻ
2. ശ്രീ. സി.കെ. ശശീന്ദ്രൻ, എം.എൽ.എ - (അംഗം)
3. ശ്രീ. ഒ. ആർ. കേളു, എം.എൽ.എ - (അംഗം)
4. ശ്രീമതി. ഇ.എസ്. ബിജിമോൾ, എം.എൽ.എ - (അംഗം)
5. ഡോ. സാബിൻ ജോർജ്ജ്, അദ്ധ്യാപക വിഭാഗം പ്രതിനിധി - (അംഗം)
6. ഡോ. എം.കെ. നാരായണൻ, മാനേജ്മെൻറ് കൗൺസിൽ പ്രതിനിധി - (അംഗം)
7. ഡോ. പി. സുധീർബാബു, മാനേജ്മെൻറ് കൗൺസിൽ പ്രതിനിധി - (അംഗം)
8. ഡോ. ജോസഫ് മാത്യു, രജിസ്ട്രാർ - (മെമ്പർ സെക്രട്ടറി)

### പങ്കെടുത്ത മറ്റുള്ളവർ

1. ഡോ. കെ.എം. ശ്യാംമോഹൻ, ഫിനാൻസ് ഓഫീസർ

കൃത്യം 2.00 മണിക്ക് തന്നെ യോഗം ആരംഭിക്കുകയും, അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു.

**1. റിപ്പോർട്ടിംഗ്**

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | രജിസ്ട്രി – സാരഥി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അഫിലിയേഷനുമായി ബന്ധപ്പെട്ട ഡബ്ല്യു പി.സി നമ്പർ/3760/2017 കേസിന്റെ വിധിയിൻമേൽ അപ്പീൽ നല്കിയത് അറിയിക്കുന്നത്– സംബന്ധിച്ച്. | ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയിൽ സർവ്വകലാശാല സമർപ്പിച്ച അപ്പീൽ തള്ളിയതായി സ്റ്റാൻഡിംഗ് കൗൺസിൽ അറിയിച്ചിട്ടുണ്ടെന്ന് രജിസ്ട്രാർ സഭയെ അറിയിച്ചു. ഈ സാഹചര്യത്തിൽ സ്റ്റാൻഡിംഗ് കൗൺസിലിനോട് സുപ്രീം കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആവശ്യപ്പെടാൻ തീരുമാനിച്ചു. ബഹു. ഹൈക്കോടതി വിധിയെ മാനിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ പഠനം തടസ്സപ്പെടാതിരിക്കാൻ ഇക്കൊല്ലത്തേക്ക് അപ്പീലിൻറെ അന്തിമ വിധിക്ക് വിധേയമായി താൽക്കാലിക അഫിലിയേഷൻ നൽകാനും തീരുമാനിച്ചു. |

| | | |
|---|---|---|
| 1.2 | രജിസ്ട്രി - ശ്രീമതി. എം. വിജയകുമാരി അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ - 1 വർക്ക്സ് കമ്മിറ്റി അധ്യക്ഷൻ മുമ്പാകെ പേഴ്സണൽ ഹിയറിംഗിന് ഹാജരാകുന്നതിനുള്ള നിർദ്ദേശം നല്കിയത് ബോർഡ് ഓഫ് മാനേജ്മെന്റിനെ അറിയിക്കുന്നത് - സംബന്ധിച്ച് | ഹിയറിംഗിൻറെ റിപ്പോർട്ട് മേശപ്പുറത്ത് വച്ചത് രജിസ്ട്രാർ വായിച്ചു, അടുത്ത ഭരണസമിതി യോഗത്തിൽ റിപ്പോർട്ട് പരിഗണിക്കാമെന്ന് തീരുമാനിച്ചു. |
| 1.3 | രജിസ്ട്രി - ഡീൻ, സി.ഡി.എസ്.ടിയുടെ നിയമനവുമായി ബന്ധപ്പെട്ട ബഹു: ഹൈക്കോടതിയുടെ വിധി 30-06-2017 ന് നടന്ന 24-ാംമത് മാനേജ്മെന്റ് കൗൺസി ലിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്-തുടർനടപടികൾ-റിപ്പോർട്ടിംഗ്. | ഇതുമായി ബന്ധപ്പെട്ട് നിയോഗിച്ച കമ്മറ്റിയുടെ റിപ്പോർട്ട് രജിസ്ട്രാർ സഭയിൽ വായിച്ചു. ചർച്ചകൾക്ക് ശേഷം റിപ്പോർട്ട് മാനേജ്മെൻറ് കൗൺസിലിലേക്ക് സമർപ്പിക്കാൻ തീരുമാനിച്ചു. ഇത്തരം റിപ്പോർട്ടുകൾ അംഗങ്ങൾക്ക് പഠിക്കുവാൻ നേരത്തേ അജണ്ടയോടൊപ്പം ലഭ്യമാക്കണമെന്ന് ബഹു. അംഗം ശ്രീമതി. ഇ.എസ്. ബിജിമോൾ ആവശ്യപ്പെട്ടു. |

**2. കുറിപ്പുകൾ**

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 3.1 | രജിസ്ട്രി - വെറ്ററിനറി സർവ്വകലാശാല പൂക്കോട് ഡയറി കോളേജിലെയും മറ്റ് കോളേജുകളിലെയും വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങളുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങളും മറ്റ് അനുബന്ധവിഷയങ്ങളും ചർച്ച ചെയ്ത് പരിഹാരം കാണുന്നത് സംബന്ധിച്ച്. | വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ വിഭാഗങ്ങളിൽ നിന്ന് ലഭിച്ച എട്ടിന നിർദ്ദേശങ്ങൾ *(അനക്സർ കാണുക, പേജ് 6)* ക്രോഡീകരിച്ച് രജിസ്ട്രാർ യോഗത്തിൽ അവതരിപ്പിക്കുകയും ആയത് ചർച്ച ചെയ്ത് അംഗീകരിക്കുകയും അതുൾപ്പെടുത്തി ഒരു ഭരണപരമായ ഉത്തരവിറക്കാൻ തീരുമാനിക്കുകയും ചെയ്തു. ആയതിനോടനുബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.<br>1. താമസ സൗകര്യങ്ങൾ ക്യാമ്പസ്സിനു പുറത്ത് ഒരുക്കുന്നതിന് നിലവിലുള്ള കണക്കുകകൾ പ്രകാരം പ്രതിമാസം 21 ലക്ഷം രൂപ അതായത് പ്രതിവർഷം 2.5 കോടി രൂപയെന്ന തോതിൽ ഭീമമായ തുക വരുമെന്ന് ഫിനാൻസ് ഓഫീസർ അറിയിച്ചു. മേൽ സാഹചര്യത്തിൽ ഡീൻമാരും സ്പെഷ്യൽ ഓഫീസർമാരും 2018-19 പദ്ധതി വിഹിതത്തിൽ പ്രൊജക്ടുകൾ സമർപ്പിക്കുമ്പോൾ വിദ്യാർത്ഥികളുടെ താമസം, യാത്രാ ഇത്യാദി സൗകര്യങ്ങൾ കൂടി കണക്കിലെടുത്ത് സമർപ്പിക്കേണ്ടതാണ്. |

| | | |
|---|---|---|
| | | 2. പൂക്കോട് ക്യാമ്പസ്സിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണലിൻറെ വിലക്കുള്ളതിനാൽ പൂർണ്ണമായി അഴിച്ചുമാറ്റാൻ പറ്റുന്ന തരത്തിൽ പ്രീ-ഫാബ് സ്ട്രക്ചേഴ്സ് നിർമ്മിക്കുന്നതിന് അംഗീകൃത ഏജൻസികളിൽ നിന്ന് എക്സ്പ്രഷൻ ഓഫ് ഇൻററസ്റ്റ് ക്ഷണിക്കാനും നിർമ്മാണം ഐ.ഡി. വിംഗിൻറെ മേൽ നോട്ടത്തിൽ നടത്താനും തീരുമാനിച്ചു. കൂടാതെ നിർമ്മാണത്തിനുള്ള തടസ്സത്തിന് നിദാനമായ സർക്കാർ ഉത്തരവിൻറെ പകർപ്പ് ലോ ഓഫീസർക്കു നൽകി മേൽ നടപടിക്കുള്ള അഭിപ്രായം തേടേണ്ടതാണ്. പൂക്കോട്, തുമ്പൂർമുഴി എന്നീ ക്യാമ്പസ്സുകളിൽ നിലവിലുള്ള കെട്ടിടങ്ങ ളുടെ മുകളിൽ ക്ലാസ്സ് റൂമുകളും, താമസ സൗകര്യവുമൊരുക്കുന്നതിനു വേണ്ടി തുടർ നടപടികൾ കൈക്കൊള്ളാൻ ഐ.ഡി. വിംഗിനെ ചുമതലപ്പെടുത്താൻ തീരുമാ നിച്ചു. ഒഴിഞ്ഞു കിടക്കുന്ന ഏതെങ്കിലും കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താതിരുന്നാൽ ബന്ധപ്പെട്ട സ്റ്റേഷൻ മേധാവി ഉത്തരവാദി യായിരിക്കുന്നതാണ് എന്ന് അറിയിക്കേ ണ്ടതാണ്.<br>3. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ തിരുമാനിച്ചു. ഏതെങ്കിലും വിഷയത്തിൽ ഉദ്യോഗാർ ത്ഥികൾ ലഭ്യമല്ലെങ്കിൽ ഡയറി ഡിപ്പാർട്ട്മെൻറിൽ നിന്നും ഡെപ്യൂട്ടേ ഷൻ വഴി നിയമനം നടത്താവുന്നതാണ്. ഡയറിയോടൊപ്പം, പൂക്കോട് വെറ്ററിനറി കോളേജിൽ ഒരു വെറ്ററനറി എക്സ്റ്റൻഷൻ അദ്ധ്യാപകനെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമപ്രകാരം (റോസ്റ്റർ അനുസരിച്ച്) നിയമിക്കാനും തീരുമാനിച്ചു.<br>4. തുമ്പൂർമുഴി ക്യാമ്പസ്സിലേക്ക് എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഒരു ബസ് വാങ്ങുന്നതിനുള്ള സാധ്യതകൾ ആരായാൻ തീരുമാനിച്ചു.<br>5. പല കോഴ്സുകളുടെയും ഫീസ് കുറച്ചിട്ടുള്ള തിനാൽ ആഭ്യന്തര വരുമാനം (Internal Receipt) കുറഞ്ഞു കൊണ്ടു വരുകയാണെ ന്നുള്ള വസ്തുത ഫിനാൻസ് ഓഫിസർ സഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ആയതിനാൽ ഈ നിർദ്ദേശങ്ങളെല്ലാം ഉൾപ്പെടുത്തി ക്കൊണ്ട് 2017-18, 2018-19 പദ്ധതി വിഹിതത്തിനായി പ്രൊജക്ടുകൾ സമർപ്പി ക്കാൻ ഡീൻമാർക്കും, സ്പെഷ്യൽ ഓഫീസർ മാർക്കും നിർദ്ദേശങ്ങൾ നൽകാൻ തീരുമാനിച്ചു. |

| | | |
|---|---|---|
| 3.2 | രജിസ്ട്രി - വെറ്ററിനറി സർവ്വ കലാശാലയുടെ വിവിധ ഫാമുകളിലെ തൊഴിലാളി റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നത് സംബന്ധിച്ച്. | റാങ്ക് ലിസ്റ്റിൻറെ കാലാവധി 3 മാസത്തേക്ക് കൂടി ദീർഘിപ്പിക്കാൻ തീരുമാനിച്ചു. തിരുവാഴാംകുന്നു എ.ആർ.എസ്.-ൽ 4 പുരുഷ തൊഴിലാളികളെയും, 14 സ്ത്രീ തൊഴിലാളി കളെയും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും കാഷ്വൽ തൊഴിലാളികളായി നിയമിക്കാൻ തീരുമാനിച്ചു. സി.ബി.എഫ്. തുമ്പൂർമുഴിയിൽ 7 പുരുഷ തൊഴിലാളികളെയും, 2 സ്ത്രീ തൊഴിലാളി കളെയും, സി.എഫ്.റ്റി. തുമ്പൂർമുഴിയിൽ 1 പുരുഷ തൊഴിലാളിയെയും 1 സ്ത്രീ തൊഴിലാളിയെയും നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും കാഷ്വൽ തൊഴിലാളികളായി നിയമിക്കാൻ തീരുമാനിച്ചു. മറ്റു ഫാമുകളിലേക്കുള്ള കാഷ്വൽ തൊഴിലാളി നിയമനങ്ങൾ അടുത്ത ഭരണസമിയിൽ ചർച്ച ചെയ്യാമെന്നും തീരുമാനിച്ചു. |
| 3.3 | സർവ്വകലാശാല സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ നിയമന കാലാവധി തീരുന്നതും ഭരണ തുടർച്ചയ്ക്കുളള സംവിധാന ങ്ങളും സംബന്ധിച്ച്. | ഈ വിഷയം അടുത്ത ഭരണസമിതി യോഗത്തിൽ പരിഗണിക്കാൻ തീരുമാനിച്ചു. |
| 3.4 | കുടിയൊഴിപ്പിക്കപ്പെട്ട കുടും ബങ്ങൾക്ക് യോഗ്യതക്കനുസ രിച്ച് ജോലി നൽകുന്നതും മുൻഗണനാ ക്രമം നിശ്ചയി ക്കുന്നതും - സംബന്ധിച്ച് | അടുത്ത ഭരണസമിതി യോഗത്തിൽ പരിഗണിക്കാൻ മാറ്റിവച്ചു. |
| 3.5 | രജിസ്ട്രി - അംഗീകാരത്തിനാ യുള്ള പ്രത്യേക മാനേജ്മെൻറ് കൗൺസിൽ യോഗത്തിൻെറ അജണ്ടാക്കുറിപ്പുകൾ | അംഗീകരിച്ചു. |
| ഒ.എ. 1 | രജിസ്ട്രി - ഡോ. ദീപ്തി ലീലാമണി, ഡോ. അമ്മു രാമകൃഷ്ണൻ എന്നിവർ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷനുകളിലെ വിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് | ബഹു ഹൈക്കോടതി സിംഗിൾ ബെഞ്ച് വിധിക്കെതിരെ ഡോ ദീപ്തി ലീലാമണി ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനിൽ /പെറ്റീഷനുകളിൽ നാളിതു വരെ സ്റ്റേ ഉത്തരവോ മറിച്ചുള്ള ഉത്തരവോ ഉണ്ടാകാത്ത സാഹചര്യത്തിൽ ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ വിചാരണയിലിരിക്കുന്ന കേസിൽ / കേസുകളിന്മേലുള്ള അന്തിമ വിധിയ്ക്കു വിധേയമായി ഡോ. അമ്മു രാമകൃഷ്ണന് നിയമനം നൽകാൻ തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട് ഡോ. ദീപ്തി ലീലാമണിയുടെ ഒരു അപ്പീൽ പെറ്റീഷൻ / പെറ്റീഷനുകൾ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൻറെ പരിഗണന യിലിരിക്കുന്ന സാഹചര്യത്തിൽ |

| | | |
|---|---|---|
| | | 29.06.2017 ലെ 52- മത് ഭരണസമിതി തീരുമാന പ്രകാരം ഡോ. ദീപ്തി ലീലാമണിയെ ബഹു. വൈസ് ചാൻസലറും രജിസ്ട്രാറും കൂടി ഹിയർ ചെയ്തപ്പോൾ അവർ സമർപ്പിച്ച അപേക്ഷയുടെയും നേരിട്ട് പറഞ്ഞ വസ്തുതകളുടെയും അടിസ്ഥാനത്തിൽ ബഹു. വൈസ് ചാൻസലർ നിയോഗിച്ച ഒരു ടീം / കമ്മിറ്റി ബന്ധപ്പെട്ട ഫയലുകളും അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കി ബഹു. വൈസ് ചാൻസലർ സമർപ്പിച്ച പരിശോധനാ റിപ്പോർട്ടിൻറെ വെളിച്ചത്തിലും ഉപരി പഠനാർത്ഥം (രണ്ടാമത്തെ Ph. D യ്ക്കു വേണ്ടി) ഓസ്ട്രേലിയയിലെ മെൽബൺ യൂണിവേഴ്സിറ്റിയിൽ ലീവിൽ ഗവേഷണം തുടരുന്ന ഡോ ദീപ്തി ലീലാമണി യുടെ ലീൻ മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ ബഹു ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെയോ മേൽ കോടതിയുടെയോ അന്തിമ തീരുമാനം വരുന്നത് വരെ സൂപ്പർ ന്യൂമററിയായി വെറ്ററിനറി സർവകലാശാലയുടെ അസിസ്റ്റന്റ് പ്രൊഫസ്സർ കേഡറിൽ നില നിർത്തിത്തുടരുവാൻ തീരുമാനിച്ചു. ഈ കാര്യത്തിൽ ഡോ ദീപ്തി ലീലാമണിയുടെ ഹിയറിങ്ങിനെ തുടർന്നും അവർ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റെയും ഉന്നയിച്ച ആരോപണങ്ങളുടെയും നിജസ്ഥിതി മനസിലാക്കുവാനായി ബഹു വൈസ് ചാൻസലർ, പൂക്കോട് വെറ്ററിനറി കോളേജ് ഡീൻ ഡോ. കെ. വിജയകുമാർ, സർവകലാശാലാ ഫിനാസ് ഓഫീസർ ഡോ. കെ. എം. ശ്യാം മോഹൻ , എൻട്രെപ്രണർഷിപ് ഡയറക്ടർ ഡോ. ടി. പി. സേതുമാധവൻ എന്നിവരും ബഹു. വൈസ് ചാൻസലറും ഉൾപ്പെട്ട ടീം/ കമ്മിറ്റി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഡോ. ദീപ്തി ലീലാമണി, ഡോ. ലക്ഷ്മി ഭായി, ഡോ. അമ്മു രാമകൃഷ്ണൻ എന്നിവരുടെ അപ്ലിക്കേഷൻ ഫോം , API സ്കോർഷീറ്റ്, മാർക്ക്ഷീറ്റ്, മറ്റ് അനുബന്ധ രേഖകൾ എന്നിവ വിശദമായി പരിശോധിച്ച നടപടി സാധൂകരിക്കുകയും അതേത്തുടർന്ന് ടി ടീം / കമ്മിറ്റി തയ്യാറാക്കിയ റിപ്പാർട് ബോർഡ് ഓഫ് മാനേജ്മെന്റിൽ ഹാജരാക്കിയത് സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്തു. മേൽ സൂചിപ്പിച്ച മൂന്നു പേരുടെ രേഖകൾ ടി ടീം / കമ്മിറ്റി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അപാകതകളും മാർക്കിട്ടതിൽ സംഭവിച്ചിരിക്കുന്ന വ്യത്യാസങ്ങളും വീഴ്ചകളും അതീവ ഗൗരവമുള്ളതാണെന്ന് ബോർഡ് ഓഫ് മാനേജ്മെൻറ് വിലയിരുത്തി. |

| | | |
|---|---|---|
| | | കൂടാതെ ARGO സെലക്ഷൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മറ്റുള്ളവരുടെയും ടി രേഖകൾ നേരത്തെ സൂചിപ്പിച്ചതു പോലെ പരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഈ വിഷയം 29.08.2017 ൽ കൂടുന്ന ബോർഡ് ഓഫ് മാനേജ്മെൻടിൽ വിശദമായി ചർച്ച ചെയ്ത് മേൽ നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു. |
| ഒ.എ. 2 | DE - Establishing Indian Institute of Food Technology and Entrepreneurship at Kulathoopuzha, Kollam District – Reg | നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചു. അടുത്ത ഭരണസമിതിയോഗത്തിൽ വിശദമായ പദ്ധതി റിപ്പോർട്ടും അത്യാവശ്യം വേണ്ട തസ്തികകൾ, ഫണ്ട് എന്നിവ അനുവദിച്ച് കിട്ടാനുള്ള സാധ്യതകളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനും തീരുമാനിച്ചു. |
| ഒ.എ. 3 | ധനകാര്യ വിഭാഗം- ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നത്- സംബന്ധിച്ച്. | നടപ്പാക്കാൻ തീരുമാനിച്ചു. |
| ഒ.എ. 4 | രജിസ്ട്രി – മണ്ണുത്തി പൗൾട്രി & ഡക്ക് ഫാമിൽ ദിവസ വേതനാടിസ്ഥാനത്തിൽ തുടരുന്ന സ്ത്രീ തൊഴിലാളികളുടെ ജോലി സ്ഥിരത സംബന്ധിച്ച്. | അടുത്ത ഭരണസമിതി യോഗത്തിൽ പരിഗണിക്കാൻ മാറ്റിവച്ചു. |

**അജണ്ടാക്കുറിപ്പുകൾക്ക് പുറത്തു നടന്ന ചർച്ചകളും നിർദ്ദേശങ്ങളും തീരുമാനങ്ങളും:**

1. ടീച്ചിംഗ് അസിസ്റ്റൻറ്മാരുടെ ദിവസവേതന വിഷയത്തിൽ പ്രൊഫഷണൽ പി.ജി. ഉള്ളവരുടെയും ഇല്ലാത്തവരുടെയും തമ്മിലുള്ള വേതന വ്യത്യാസത്തിലെ അപാകതകൾ പരിശോധിച്ച് അടുത്ത ഭരണസമിതിയോഗത്തിൽ കുറിപ്പ് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

2. കരിയർ അഡ്വാൻസ്മെൻറ് പ്രോഗ്രാം നടപ്പിലാക്കിയത് സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിലും വെറ്ററിനറി സർവ്വകലാശാലയിലും വിഭജന സമയത്തെ മൂന്ന് മാസത്തെ വ്യത്യാസം ഉണ്ടെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ആയത് പരിശോധിക്കാനായി അക്കാദമിക് & റിസേർച്ച് മേധാവിയെ ചുമതലപ്പെടുത്തി.

അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് യോഗം അവസാനിച്ചു

**(ഒപ്പ്/-)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്/-)**
**വൈസ് ചാൻസലർ (ഇൻ-ചാർജ്ജ്)**
**(അദ്ധ്യക്ഷൻ)**
*(25/08/2017-ന് അംഗീകരിച്ചു)*

//True Copy//

**SECTION OFFICER - GA/B Section**

അനക്സർ

## വിദ്യാർത്ഥികളുടെ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ വിഭാഗങ്ങളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ചർച്ചക്കും തീരുമാനമെടുക്കുന്നതിനുമായി സമർപ്പിക്കുന്നു.

1. ക്യാമ്പസ്സുകളിൽ ഇപ്പോൾ ലഭ്യമായ താമസ സൗകര്യങ്ങൾ പരമാവധി ഉപയോഗിച്ച ശേഷം അത്യാവശ്യം വേണ്ടി വരുന്ന താമസ സൗകര്യങ്ങൾ ക്യാമ്പസ്സിനു പുറത്ത് എക്സ്പ്രഷൻ ഓഫ് ഇൻററസ്റ്റ് വിളിച്ച് ക്രമീകരിക്കുവാൻ കോളേജ് മേധാവികൾ ഐ.ഡി.വിംഗിൻറെ സഹായത്തോടെ നടപടികൾ സ്വീകരിക്കുക.
2. വിവിധ ക്യാമ്പസ്സുകളില ലഭ്യമായ എല്ലാ സൗകര്യങ്ങളും, ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കാൻ ഉപയോഗിക്കുകയും ടൈംടേബിൾ ക്രമീകരണത്തിലൂടെയും സമയ ക്രമീകരണത്തിലൂടെയും ലഭ്യമായ സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുക.
3. താമസ സൗകര്യങ്ങളും ക്ലാസ്സ് റൂം സൗകര്യവുമായി ബന്ധപ്പെട്ട് ഐ.ഡി.വിംഗ് മേധാവി സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ (ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു) ചർച്ച ചെയ്തു തീരുമാനമെടുക്കുക.
4. ഡയറി ഫാക്കൽറ്റിയിൽ ഉള്ള അദ്ധ്യാപക ക്ഷാമം അടിയന്തരമായി പരിഹരിക്കുന്നതിന് നേരത്തേ ഭരണ സമിതി അംഗീകരിച്ച എസ്റ്റാബ്ലിഷ്മെൻറ് കമ്മറ്റിയുടെ ശുപാർശപ്രകാരം നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് ലഭ്യമായവരെ റോസ്റ്റർ പ്രകാരം ഉടൻ നിയമനം നടത്തുക. ആയതിൽ ഒരു അസിസ്റ്റൻറ് പ്രൊഫസറെ പുതുതായി ആരംഭിച്ച കോലാഹലമേട് ഡയറി സയൻസ് കോളേജിലും ബാക്കിയുള്ളവരെ പൂക്കോട് ഡയറി സയൻസ് കോളേജിലും നിയമിക്കുക. വീണ്ടും അധികമായി വേണ്ടി വരുന്ന അദ്ധ്യാപകരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ദിവസവേതനാടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയോ നിയമനം നടത്തുക. ഡയറി സയൻസ് ഫാക്കൽറ്റിക്ക് ഇതിനോടകം അനുവദിച്ചിട്ടുള്ള 36 അദ്ധ്യാപക തസ്തികകളിൽ (24 +12) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നിയമാനുസൃതം ഇപ്രകാരം നികത്തുക.
5. പൗൾട്രി സയൻസ് ഫാക്കൽറ്റിയിലും വെറ്ററിനറി ഫാക്കൽറ്റിയിലും ക്ലിനിക്കൽ ഡിപ്പാർട്ട്മെൻറുകളിലും വിദ്യാർത്ഥികളുടെ പരിശീലനം നടക്കുന്ന ഫാമുകളിലും ഒഴിഞ്ഞു കിടക്കുന്ന അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിൽ അത്യാവശ്യം വേണ്ട അദ്ധ്യാപകരെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് അത്യാവശ്യം വേണമെങ്കിൽ നിയമിക്കുകയും അത് പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ താല്കാലിക നിയമനം നടത്തുകയും ചെയ്യുക.അത്യാവശ്യം വേണ്ട അനദ്ധ്യാപകരെയും തസ്തിക പുന:ക്രമീകരണത്തിലൂടെ നിയമിക്കുക.
6. സർവ്വകലാശാല ആരംഭിച്ചിരിക്കുന്ന റസിഡൻസി പി.ജി. പ്രോഗ്രാം അദ്ധ്യാപക ക്ഷാമമുള്ള എല്ലാ ഡിപ്പാർട്ട്മെൻറുകളിലും പരമാവധി നടപ്പിലാക്കുക.
7. വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനായി എം.എൽ.എ. ഫണ്ടിൽ നിന്നും കോളേജ് ബസ്സുകൾ വാങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുക. അതു ലഭിക്കുന്നതു വരെ കെ.എസ്.ആർ.ടി.സി. വാഹനങ്ങളോ പ്രൈവറ്റ് വാഹനങ്ങളോ വാടകക്ക് എടുത്ത് യാത്രാ സൗകര്യം മെച്ചപ്പെടുത്തുക.
8. മേൽ വിവരിച്ച 1 മുതൽ 7 വരെയുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ വേണ്ട ഫണ്ട്, പ്ലാൻ പദ്ധതിയിലോ മറ്റു പദ്ധതികളിലോ ലഭ്യമാകാതെ വരികയോ സമയത്തിന് പ്ലാൻ ഫണ്ടോ മറ്റു ഫണ്ടോ ലഭ്യമല്ലാതെ വരികയോ ചെയ്താൽ അടിയന്തരമായി സർവ്വകലാശാലയുടെ ആഭ്യന്തരവരുമാനത്തിൽ നിന്ന് ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കണം. ആയതിന് വേണ്ട നടപടികൾ ഫിനാൻസ് ഓഫീസർ അടിയന്തരമായി സ്വീകരിക്കണം.

**രജിസ്ട്രാർ**